# SSLC മാതൃകചോദ്യപേപ്പർ 2022 സാമൂഹ്യശാസ്ത്രം

# DIET പാലക്കാട്

ആകെ മാർക്ക് -80 സമയം-2 1/2 മണിക്കൂർ

നിർദ്ദേശങ്ങൾ :

• ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ് .സ്കോറും സമയവും പരിഗണിച്ചുവേണം ഉത്തരമെഴുതുവാൻ

• A,B വിഭാഗങ്ങളിൽ A - ഫോക്കസ് ഏരിയയിൽ നിന്നും B- നോൺഫോക്കസ് ഏരിയയിൽ നിന്നുമുള്ള ചോദ്യങ്ങളെ സൂചിപ്പിക്കുന്നു .

------------------------------------------------------------------------------------------------------------------------

**പാർട്ട് I**

**A-1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**

**(1 സ്കോർ വീതം)(4x1=4)**

1. പൊതു ഭരണം എന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ് എന്ന് പറഞ്ഞത് ആര് ?

   (ഗാന്ധിജി,ഗ്ലാഡൻ,വില്യംകീലിങ്,കെ. കേളപ്പൻ)

2. ഗാന്ധിജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഏത് പേരിലാണ് അറിയപ്പെടുന്നത് ?

   (പാശ്ചാത്യ വ്ദ്യാഭ്യാസം,വാർധാപദ്ധതി,ദേശീയ വിദ്യാഭ്യാസം)

3. ഏത് വർഷമാണ് വിദ്യാഭ്യാസ അവകാശനിയമം നിലവിൽ വന്നത് ?

   (1986,1989,2000,1990)

4. 1857 ലെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന് ഡൽഹിയിൽ നേതൃത്വം കൊടുത്തത് ആര് ?

   (നാനാസാഹിബ്,താന്തിയാതോപ്പി,ബഹദൂർഷാ രണ്ടാമൻ,മൗലവിഅഹമ്മദുള്ള)

5. താഴെ തന്നിരിക്കുന്നവയിൽ നിന്ന് ഖാരിഫ് വിള ഏതെന്ന് കണ്ടെത്തുക

   (പുകയില, കടുക് , ചോളം,ഗോതമ്പ് )

6. യോഗക്ഷേമ സഭ സ്ഥാപിച്ച സാമൂഹിക പരിഷ്കർത്താവ് ആര് ?

   (വി.ടി.ഭട്ടതിരിപ്പാട് , ശ്രീനാരായണ ഗുരു,വാഗ്ഭടാനന്ദൻ,ചട്ടമ്പിസ്വാമികൾ)

**B- 7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം(1 സ്കോർ വീതം)**

**(4x1=4)**

7. രാഷ്ട്രം എന്ന പദം ആദ്യം ഉപയോഗിച്ച ചിന്തകൻ ആര് ?

   (പ്ലേറ്റോ,സോക്രട്ടീസ് , മാക്യവെല്ലി,അരിസ്റ്റോട്ടിൽ)

8. മനുഷ്യ ഉത്ഭവത്തെക്കുറിച്ചും വംശീയ പരിണാമത്തെക്കുറിച്ചും പഠിക്കുന്ന സാമൂഹ്യ ശാസ്ത്ര ശാഖ ഏത് ?

(ചരിത്രം,രാഷ്ട്രതന്ത്രശാസ്ത്രം,നരവംശസാസ്ത്രം,മനശാസ്ത്രം)

9. താഴെ തന്നിട്ടുള്ള ധരാതലീയ ഭൂപടങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളിൽ പ്രാഥമിക സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏത് ?

(ഭൂപടത്തിന്റെ നമ്പർ,തോത് , അതിർത്തികൾ, കോണ്ടൂർ ഇടവേള)

10. ഇന്ത്യയിലെ ആധുനിക രീതിയിലുള്ള ആദ്യത്തെ ബാങ്ക് ഏത് ?

(ബാങ്ക് ഓഫ് ബംഗാൾ,ബാങ്ക് ഓഫ് മദ്രാസ്,ബാങ്ക് ഓഫ് ഹിന്ദുസ്ഥാൻ)

**പാർട്ട് II**

**A-11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എ ണ്ണത്തിന് ഉത്തരം എഴുതുക**

**(2 സ്കോർ വീതം)(3x2=6)**

11. ദേശീയ ഗ്രാമീണആരോഗ്യമിഷൻ,ദേശീയ നഗരആരോഗ്യ മിഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാം?

12. മാനവ വിഭവ ശേഷി വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് എന്ത് ?

13. ചുവടെ സൂചിപ്പിക്കുന്ന തുറമുഖങ്ങളെ തിരിച്ചറിയുക.

(a) തെക്കേ അറ്റത്തെ പ്രധാന തുറമുഖം.

(b) പശ്ചിമബംഗാളിൽ കൊൽക്കത്തയ്ക്ക് പുറമേയുള്ള പ്രധാന തുറമുഖം.

14. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് ബംഗാളി ചിത്രകാരനായ അബനീന്ദ്രനാഥ ടാഗോർ നിർണായക പങ്കുവഹിച്ചു.പ്രസ്താവന സാധൂകരിക്കുക .

15. താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| സ്ഥാപനങ്ങൾ | സ്ഥാപകർ |
|---|---|
| ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ | വില്യം ജോൺസ് |
| ______________________ | വാറൻ ഹേസ്റ്റിംഗ്സ് |
| ബനാറസ് സംസ്കൃത കോളേജ് | ---------------------------------- |

**B. 16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എ ണ്ണത്തിന് ഉത്തരം എഴുതുക**

**(2 സ്കോർ വീതം)(2x2=4)**

16. ഇ-ഗവേൺസിന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് പ്രയോജനങ്ങൾ എന്തെല്ലാം?

17. പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് വ്യവസായികൾ ഇന്ത്യയിൽ ആരംഭിച്ച ആധുനിക വ്യവസായശാലകളിലെ തൊഴിലാളികളുടെ അവസ്ഥ വിശകലനം ചെയ്ത് അവർ അനുഭവിച്ച ഏതെങ്കിലും രണ്ടു പ്രധാന പ്രശ്നങ്ങൾ എഴുതുക.

18. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ രൂപംകൊണ്ട സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് പ്രധാനമായും രണ്ട് ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്.അവ ഏതെല്ലാം?

DIET PALAKKAD

## പാർട്ട് III

**A- 19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എ ണ്ണത്തിന് ഉത്തരം എഴുതുക**

**(4 സ്കോർ വീതം)(3x4=12)**

19. രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലയും വിവേചനപരമായ ചുമതലയും തമ്മിലുള്ള വ്യത്യാസമെന്ത്?ഓരോന്നിനും ഓരോ ഉദാഹരണങ്ങൾ വീതമെഴുതുക.

20. സമൂഹശാസ്ത്ര പഠനത്തിലെ അടിസ്ഥാനപരമായ രീതിയാണ് നിരീക്ഷണം. രണ്ട തരത്തിലുള്ള നിരീക്ഷണ രീതികൾ ഏതെല്ലാം? വിശദമാക്കുക.

21.ചേരുംപടി ചേർക്കുക.

| എ | ബി |
|---|---|
| അയ്യങ്കാളി | ശ്രീനാരായണ ധർമ്മപരിപാലനയോഗം |
| വാഗ്ഭടാനന്ദൻ | സമത്വസമാജം |
| വൈകുണ്ഠസ്വാമികൾ | ആത്മവിദ്യാസംഘം |
| ശ്രീനാരായണ ഗുരു | സാധുജനപരിപാലനസംഘം |

22.ഇന്ത്യയുടെ രൂപരേഖയിൽ താഴെ തന്നിട്ടുള്ളവ അടയാളപ്പെടുത്തുക.

(a) നാഗാ കുന്നുകൾ (b) ഹാൽഡിയ (c) താപ്തി നദി (d) ഛോട്ടാ നാഗ്പൂർ പീഠഭൂമി

23. ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും മഴ ലഭിക്കുന്നത് തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റ്മൂലമാണ്.താഴെ തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്ഥാവനയെ സാധൂകരിക്കുക.

സൂചന:

a അറബിക്കടൽ ശാഖ

b ബംഗാൾ ഉൾക്കടൽ ശാഖ.

**B- 24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരം എഴുതുക**

**(4 സ്കോർ വീതം)(1x4=4)**

24. കോണ്ടൂർരേഖകൾ, കോണ്ടൂർ മൂല്യങ്ങൾ ഇവ എന്തെന്ന് വ്യക്തമാക്കുക.കോണ്ടൂർ രേഖകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്ന ഏതെങ്കിലും രണ്ട് സ്ഥല സവിശേഷതകൾ എഴുതുക.

25.റഷ്യൻ വിപ്ലവത്തെ തുടർന്ന് സോഷ്യലിസ്റ്റ് ആശയങ്ങളുടെ സ്വാധീനം ഇന്ത്യയിൽ തൊഴി ലാളി പ്രസ്ഥാനങ്ങൾ രൂപീകരിക്കുന്നതിന് ഇടയാക്കി. 1920 ൽ എം എൻ ജോഷി, ലാലാ ലജ്പത് റായി എന്നിവർ മുൻകൈയെടുത്ത് രൂപീകരിച്ച തൊഴിലാളി സംഘടനയുടെ

DIET PALAKKAD

പേരെന്ത്? ഈ സംഘടന മുന്നോട്ട് വെച്ച മൂന്ന പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാം?

**പാർട്ട് IV**

**A- 26 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക**

**(6 സ്കോർ വീതം)(3x6=18)**

26. പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കി വിദൂര സംവേദനത്തെ എങ്ങനെയെല്ലാം വർഗ്ഗീകരിക്കാം? വിശദീകരിക്കുക.
27. ആഗോള മർദ്ദ മേഖലകൾ ഏവ? വിശദമാക്കുക.
28. വാണിജ്യ ബാങ്കുകളുടെ അടിസ്ഥാന ധർമ്മങ്ങൾ എഴുതുക. വാണിജ്യ ബാങ്കുകൾ ഏതൊക്കെ തരത്തിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു എന്ന് സൂചിപ്പിക്കുക.
29. ഇന്ത്യൻ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങൾ എന്തെല്ലാം?

**B-30 മുതൽ 32 വരെ യുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക**

**(6 സ്കോർ വീതം)(2x6=12)**

30. ആഗോളവത്കരണം വികസ്വര രാജ്യങ്ങളെ ദോഷകരമായി ബാധിച്ചത് എങ്ങനെ എന്ന് വിവരിക്കുക.
31. 'പൊതു കടം എന്നാൽ എന്ത് ?ഇന്ത്യയിൽ പൊതു കടം വർദ്ധിക്കുന്നതിനുള്ള ഏതെങ്കിലും നാല് കാരണങ്ങൾ എഴുതുക.
32. ബാങ്കുകളും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസമെന്ത്? ബാങ്കിതരധനകാര്യ കമ്പനികൾ നൽകുന്ന ഏതെങ്കിലും നാല് സേവനങ്ങൾ എഴുതുക?

**പാർട്ട് V**

**A- 33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക**

**(8 സ്കോർ വീതം)(2x8=16)**

33. ഫ്രാൻസിൽ മൂന്നാം എസ്റ്റേറ്റിനെ ഒന്നും രണ്ടും എസ്റ്റേറ്റുകൾക്കെതിരായി സമരം ചെയ്യാൻ പ്രേരിപ്പിച്ച സാമൂഹിക സാഹചര്യം എന്തായിരുന്നു? ഫ്രഞ്ച് വിപ്ലവം ലോകത്തിന് നൽകിയ മഹത്തായ ആശയങ്ങളാണ് "സ്വാതന്ത്ര്യം, സമത്വം,സാഹോദര്യം"ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഫ്രാൻസിലെ ഭരണരംഗത്ത് ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാം എന്ന് വിലയിരുത്തുക.
34. പൗരബോധം രൂപപ്പെടാൻ സഹായിക്കുന്ന ഘടകങ്ങളിൽ ഏതെങ്കിലും നാലെണ്ണം വിശദമാക്കുക.?
35. പ്രാദേശിക സമയം, സ്റ്റാൻഡേർഡ് സമയം,ഗ്രീനിച്ച് സമയം ഇവ ഓരോന്നും എന്തെന്ന് വ്യക്തമാക്കുക അന്താരാഷ്ട്രദിനാങ്ക രേഖയുടെ പ്രത്യേകതകൾ എഴുതുക.

DIET PALAKKAD

